# കേരള സർവകലാശാല

നം.പി.ആർ.117/2020 ഫോൺ: 2305738

## <u>പത്രക്കുറിപ്പ്</u>

### <u>കേരള സർവകലാശാല പരീക്ഷകൾക്ക് കൂടുതൽ ക്രമീകരണങ്ങൾ</u>
### <u>എല്ലാ ജില്ലകളിലും പരീക്ഷാകേന്ദ്രങ്ങൾ</u>

കേരള സർവകലാശാല നടത്തുന്ന നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദം, നാലാം സെമസ്റ്റർ ബിരുദം (സി.ആർ - സി.ബി.സി.എസ്.എസ്, സി.ബി.സി.എസ്.എസ്), നാലാം സെമസ്റ്റർ സി.എസ്.എസ്, അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി എന്നിവയുടെ പരീക്ഷകൾക്ക് വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം സർവകലാശാല പരിധിക്കു പുറത്തുള്ള പത്ത് ജില്ലകളിലും ലക്ഷദ്വീപിലും പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിച്ച് അതതു ജില്ലകളിലെ വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനുള്ള സംവിധാനം സർവകലാശാല സജ്ജമാക്കി.

സർവകലാശാല പരിധിക്കുള്ളിൽ വിദ്യാർത്ഥികൾക്ക് ഏറ്റവും അടുത്തുള്ള അഫിലിയേറ്റഡ് കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുക്കുന്നതിനുള്ള അവസരവും നൽകിയിരുന്നു. ഇതിനു പുറമേയാണ് മറ്റുള്ള ജില്ലകളിലും പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ചത്.

ഗവൺമെന്റ് കോളേജ്, കാസർകോഡ്, ഗവൺമെന്റ് വനിതാ കോളേജ്, കണ്ണൂർ, ഗവൺമെന്റ് കോളജ്, കൽപ്പറ്റ, വയനാട്, ഗവൺമെന്റ് ആർട്സ് കോളേജ്, കോഴിക്കോട് ഗവൺമെന്റ് കോളേജ്, മലപ്പുറം, ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട്, ഗവൺമെന്റ് ട്രെയിനിംഗ് കോളേജ്, തൃശ്ശൂർ, മഹാരാജാസ് കോളേജ്, എറണാകുളം, ഗവൺമെന്റ് കോളേജ് കട്ടപ്പന, ഗവൺമെന്റ് കോളേജ്, മൂന്നാർ, ഇടുക്കി, ഗവൺമെന്റ് കോളേജ്, നാട്ടകം, കോട്ടയം, ഗവൺമെന്റ് ഗേൾസ് സീനിയർ സെക്കന്ററി സ്കൂൾ, കവരത്തി, ലക്ഷദ്വീപ് എന്നിവയാണ് മറ്റു പരീക്ഷാകേന്ദ്രങ്ങൾ. സർവകലാശാല പരിധിക്കു പുറത്തുള്ള ജില്ലകളിലെ വിദ്യാർത്ഥികൾ അതതു ജില്ലകളിലെ പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷ തുടങ്ങുന്നതിന് അര മണിക്കൂർ മുൻപേ ഹാൾടിക്കറ്റുമായി ഹാജരാകേണ്ടതാണ്.

കോവിഡ് 19 - മായി ബന്ധപ്പെട്ട വ്യക്തമായ കാരണങ്ങൾ കൊണ്ട് പരീക്ഷയ്ക്ക് ഹാജരാകാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട റവന്യൂ അധികാരികളുടെ രേഖകൾ ഹാജരാക്കുന്നവർക്ക് മാത്രം അനുകൂല സാഹചര്യം സംജാതമാകുമ്പോൾ പ്രത്യേക പരീക്ഷ നടത്തുന്നതായിരിക്കുമെന്ന് സർവകലാശാല അറിയിച്ചു. കോവിഡ്

പ്രോട്ടോക്കോൾ പാലിച്ച് പരീക്ഷകൾക്ക് വേണ്ട വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും സർവകലാശാല അറിയിച്ചു.

## പ്രാക്ടിക്കൽ

2020 ജൂലൈ 1 -ാം തീയതി ഗവ.കോളേജ്, നെടുമങ്ങാട് വെച്ച് നടത്താനിരുന്ന ആറാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് കോഴ്സിന്റെ ഫിസിക്സ് പ്രാക്ടിക്കൽ (ഓപ്റ്റിക്സ് ആന്റ് ഇലക്ട്രോണിക്സ്) ജൂലൈ 6 ലേക്ക് മാറ്റിയിരിക്കുന്നു.

## ടൈംടേബിൾ

2020 ജൂൺ 15 നും ജൂൺ 22 നും നടത്താനിരുന്ന നാലാം വർഷ, ഒന്നാം വർഷ ബി.എഫ്.എ പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് 4, ആഗസ്റ്റ് 10 ലേക്കും പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2020 ജൂൺ 15 ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് ആന്റ് സ്കൾപ്പ്ച്ചർ) പരീക്ഷകൾ ആഗസ്റ്റ് 4 ാം തീയതിയിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാകേന്ദ്രങ്ങൾ

ജൂലൈ 7 ആരംഭിക്കുന്ന ബി.എ പാർട്ട് ഒന്ന് & രണ്ട് (ആന്വൽ സ്കീം) ഡിഗ്രി സപ്ലിമെന്ററി സെപ്റ്റംബർ 2019 സെഷൻ പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റമുണ്ട്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂലൈ 7 ന് ആരംഭിക്കുന്ന ബി.എ പാർട്ട് ഒന്ന് & രണ്ട് (ആന്വൽ സ്കീം) ഡിഗ്രി സപ്ലിമെന്ററി സെപ്റ്റംബർ 2019 സെഷൻ പരീക്ഷകൾക്ക് പരീക്ഷാകേന്ദ്രമായി ഗവ.കോളേജ്, നെടുമങ്ങാട് അപേക്ഷിച്ച ആൺകുട്ടികൾ ഗവ.കോളേജ്, ആറ്റിങ്ങലും, പെൺകുട്ടികൾ ഗവ.വിമൻസ് കോളേജ്, തിരുവനന്തപുരത്തും ആൾ.സെയിന്റ്സ് കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച പെൺകുട്ടികൾ ഗവ.വിമൻസ് കോളേജ്, തിരുവനന്തപുരത്തും ഗവ.വിമൻസ് കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച ആൺകുട്ടികൾ എം.ജി കോളേജ്, തിരുവനന്തപുരത്തും ഗവ.സംസ്കൃത കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.എൻ.എം. ആർട്സ് ആന്റ് സയൻസ് കോളേജ്, കാഞ്ഞിരംകുളത്തും (സെൽഫ് ഫിനാൻസിംഗ്) കെ.എൻ.എം.ഗവ.കോളേജ്, കാഞ്ഞിരംകുളം അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.എൻ.എം.ആർട്സ് ആന്റ് സയൻസ് കോളേജ്, കാഞ്ഞിരംകുളത്തും (സെൽഫ് ഫിനാൻസിംഗ്) ഇക്ബാൽ കോളേജ്, പെരിങ്ങമ്മല അപേക്ഷിച്ച വിദ്യാർത്ഥികൾ എം.ജി കോളേജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ കോളേജ്, ചെമ്പഴന്തിയിലും യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച വിദ്യാർത്ഥികൾ എ.ജെ.കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി, തോന്നയ്ക്കലും ഡി.ബി.കോളേജ്, ശാസ്താംകോട്ട, എഫ്.എൻ.എം.കോളേജ്, കൊല്ലം, ബി.ജെ.എം.കോളേജ്, ചവറ, എസ്.എൻ.കോളേജ് ഫോർ വിമൻ, കൊല്ലം എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ കോളേജ്, കൊല്ലത്തും എസ്.എൻ കോളേജ്, ചേർത്തല, സെന്റ്.ജോസഫ്സ് കോളേജ് ഫോർ വിമൻ, ആലപ്പുഴ എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥ

ഇകൾ എസ്.ഡി കോളേജ്, ആലപ്പുഴയിലും പരീക്ഷ എഴുതേണ്ടതാണ്. മറ്റു വിദ്യാർത്ഥികൾഅവർ അപേക്ഷിച്ച പരീക്ഷാകേന്ദ്രങ്ങളിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്. ഓഫ്ലൈൻ വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് പുതുക്കിയ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്. ഈ അറിയിപ്പ് റെഗുലർ വിദ്യാർത്ഥികൾക്ക് ബാധകമല്ല.

**പരീക്ഷാഫലം**

എം.ബി.എ - ഒന്നാം സെമസ്റ്റർ 2000 സ്കീം - ഫുൾടൈം, ഒന്ന്, മൂന്ന്, നാല്, അഞ്ച് സെമസ്റ്ററുകളുടെ (2000 സ്കീം - പാർട്ട് ടൈം), ഒന്ന്, മൂന്ന്, നാല്, അഞ്ച് സെമസ്റ്ററുകളുടെ (2003 സ്കീം - ഈവനിംഗ്) ഒന്ന്, രണ്ട് സെമസ്റ്ററുകൾ (2006 സ്കീം - പാർട്ട് ടൈം), ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്ററുകളുടെ (2009 സ്കീം - ഫുൾടൈം/റെഗുലർ ഈവനിംഗ്), എന്നീ മേഴ്സിചാൻസ്പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
30.06.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098